**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

വിഷയം:- ആ.വ.ഡ.- ജീവനക്കാര്യം- ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് I - അന്തർജില്ലാ സ്ഥലംമാറ്റം- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും ലഭിച്ച സ്ഥലം മാറ്റ അപേക്ഷകൾ.

2. ജില്ലാ മെഡിക്കൽ ഓഫീസർമാർ റിപ്പോർട്ട് ചെയ്ത അന്തർജില്ലാ സ്ഥലം മാറ്റ ഒഴിവുകൾ.

3. സ.ഉ.(അച്ചടി)നം.13/2024/P&ARD, തീയതി.17.12.2024

**ഉത്തരവ് നം : ആ.വ.ഡ./11812/2025-ഇ.എഫ്.3, തീയതി :** 29-09-2025

പരാമർശം (1) പ്രകാരം ലഭിച്ച അപേക്ഷകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർമാർ റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് പരാമർശം (3) ലെ വ്യവസ്ഥകൾക്ക് വിധേയമായി ചുവടെ ചേർക്കുന്ന പട്ടിക പ്രകാരം ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് I ജീവനക്കാർക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ചുത്തരവാകുന്നു.

| ക്രമ നം. | പേര് | നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനവും ജില്ലയും | സ്ഥലം മാറ്റം അനുവദിക്കുന്ന ജില്ല |
|---|---|---|---|
| 1 | ഇന്ദുരേഖ കെ | വനിത-ശിശു ആശുപത്രി, തിരുവനന്തപുരം | ആലപ്പുഴ |
| 2 | ഉഷ എം കെ | ജനറൽ ആശുപത്രി, തിരുവനന്തപുരം | ആലപ്പുഴ |
| 3 | അനിതകുമാരി ആർ | വനിത-ശിശു ആശുപത്രി, തിരുവനന്തപുരം | കൊല്ലം |
| 4 | നിഷ കെ പി | താലൂക്ക് ആസ്ഥാന ആശുപത്രി, ഒറ്റപ്പാലം | കോഴിക്കോട് |
| 5 | ബുഷ്റ സി പി | താലൂക്ക് ആസ്ഥാന ആശുപത്രി, ഒറ്റപ്പാലം | കോഴിക്കോട് |
| 6 | സജിത എം | താലൂക്ക് ആസ്ഥാന ആശുപത്രി, ഒറ്റപ്പാലം | മലപ്പുറം |

| | | | |
|---|---|---|---|
| 7 | വള്ളി സി | ജില്ലാ ആശുപത്രി, പെരിന്തൽമണ്ണ | പാലക്കാട് |
| 8 | ഷാജിത ടി | താലൂക്ക് ആസ്ഥാന ആശുപത്രി, ഒറ്റപ്പാലം | തൃശൂർ |
| 9 | രമ പി സി | ഗവ മഹാരാജാസ് താലൂക്ക് ആശുപത്രി, കരുവേലിപ്പടി, എറണാകുളം | തൃശൂർ |
| 10 | റംല എം എം | ജനറൽ ആശുപത്രി, മഞ്ചേരി, മലപ്പുറം | വയനാട് |
| 11 | ബീനമോൾ പി ജി | ജില്ല മോഡൽ ആശുപത്രി പേരൂർക്കട, തിരുവനന്തപുരം | പത്തനംതിട്ട |

സ്ഥലം മാറ്റം ലഭിച്ച ജീവനക്കാർക്കു ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ ഉചിതമായ നിയമനം നൽേകണ്ടതാണ്. സ്ഥലം മാറ്റം ലഭിച്ച ജില്ലയിൽ ജോലിയിൽ പ്രവേശിക്കുമ്പോൾ, ടി തസ്തികയിലെ സീനിയോറിറ്റി പ്രസ്തുത ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതി പ്രാബല്യത്തിൽ ആ തീയതിയിൽ ജില്ലയിൽ നിലവിലുള്ള ഏറ്റവും ജൂനിയറായ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് I ജീവനക്കാരനു പിന്നിലായിരിക്കും.

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും നിയമനഉത്തരവ് ലഭ്യമായതിനുശേഷം മാത്രം ജീവനക്കാരെ ഓഫീസ് മേധാവികൾ വിടുതൽ ചെയ്യേണ്ടതും വിടുതൽ തീയതി, ജോലിയിൽ പ്രവേശിച്ച തീയതി എന്നിവ യഥാസമയം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ജില്ലാ മെഡിക്കൽ ഓഫീസർമാർ മുഖേന ലഭ്യമായ അപേക്ഷകളിൽ അവകാശപ്പെടുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ സ്ഥലം മാറ്റം അനുവദിക്കപ്പെട്ടിരിക്കുന്നത്. ടി വിവരങ്ങളിൽ തെറ്റുകളുണ്ടെന്നു ബോധ്യപ്പെട്ടാൽ അനുവദിക്കപ്പെട്ട സ്ഥലം മാറ്റം റദ്ദ് ചെയ്യുന്നതായിരിക്കും.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് വിടുതൽ/പ്രവേശന നടപടികൾക്കു ഔദ്യോഗിക രേഖയായി ഉപേയാഗിക്കാവുന്നതാണ്.

Signed by
M . Abul Kalam
Date: 29-09-2025 21:19:23

**Abul Kalam M**
**SENIOR ADMINSTRATIVE OFFICER**

സ്വീകർത്താവ്:ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ് :
1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ
2. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
3. ഫയൽ/കരുതൽ ഫയൽ